പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.594 28.02.2017 ൽ മറുപടിയ്ക്ക്

## ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

ചോദ്യം.
ശ്രീ.ടി.എ.അഹമ്മദ് കബീർ

ഉത്തരം
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | 2016- 17 ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | 8.7.2016 ൽ ബഹു.ധനകാര്യ വകുപ്പ് മന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ച കൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്ത് കായിക വികസനത്തിനായി എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനിസ്റ്റേഡിയങ്ങൾ (അനുബന്ധം) നിർമ്മിക്കുന്നതിന് 135 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ (KIIFB) നിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിരുന്നു. ആദ്യഘട്ടമെന്ന നിലയിൽ 18 പഞ്ചായത്തുകളിൽ 100 കോടി രൂപയ്ക്ക് സ.ഉ (സാധാ) നം.33/2017/കാ.യു.വ തീയതി 13.02.2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | ഇതിനായി മങ്കട നിയോജക മണ്ഡലത്തിൽ ഏതെങ്കിലും ഒരു പഞ്ചായത്തിനെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | ബി) | നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം
2. ധർമ്മടം അബുചാത്തുക്കുട്ടി സ്റ്റേഡിയം
3. കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം
4. പടിയൂർ ഇൻഡോർ സ്റ്റേഡിയം
5. മട്ടന്നൂർ സ്റ്റേഡിയം
6. വയനാട് ജില്ലാ സ്റ്റേഡിയം
7. പുല്ലൂരംപാറ, തിരുവമ്പാടി
8. നടവണ്ണൂർ വോളീബോൾ അക്കാഡമി
9. എടപ്പാൾ ഗവ. എച്ച്.എസ്.എസ്
10. നിലമ്പൂർ മിനിസ്റ്റേഡിയം
11. പാലക്കാട് ഇൻഡോർ സ്റ്റേഡിയം
12. ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്
13. തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്
14. ചാലക്കുടി മുനിസിപ്പാലിറ്റി സ്റ്റേഡിയം
15. ഇളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ട്
16. പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട്, അരൂർ
17. പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം
18. അമ്പലപ്പുഴ ഗവ. കോളേജ് സ്റ്റേഡിയം
19. ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം രണ്ടാം ഘട്ടം
20. അയ്മനം പഞ്ചായത്ത് സ്റ്റേഡിയം
21. നെടുങ്കം സ്റ്റേഡിയം
22. കോട്ടംകര മിനിസ്റ്റേഡിയം, കുണ്ടറ
23. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം
24. കണ്ണൂർ ജവഹർ സ്റ്റേഡിയം (10 കോടി)
25. അടൂർ മുനിസിപ്പൽ സ്റ്റേഡിയം ( 10 കോടി)